# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2091 — 08/03/2018-ൽ മറുപടിക്ക്

## ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്റ്റ്

| | ചോദ്യം<br><br>**ശ്രീ.ആന്റണി ജോൺ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടിന്റെ അനുബന്ധമായി ഭൂതത്താൻകെട്ടിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഭൂതത്താൻ കെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ 70 ശതമാനവും ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ 58 ശതമാനവും പണികൾ പൂർത്തിയായി. പദ്ധതിയുടെ ആകെ 64.3 ശതമാനം പ്രവൃത്തികൾ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പദ്ധതി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പദ്ധതിക്കുവേണ്ട 1.96 ഹെക്ടർ വനഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം മൂലം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായി തുടങ്ങുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വർക്കിന്റെ കോൺട്രാക്ടറുടെ കാലാവധി എന്ന് വരെയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത സിവിൽ വർക്കിന്റേയും E&M വർക്കിന്റേയും കോൺട്രാക്കിന്റെ കാലാവധി 12/2018 വരെയാണ്. |
| (ഡി) | എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പ്രൊജക്ടിൽ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | 24 മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പ്രോജക്ടിൽ നിന്നും ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഇ) | വൈദ്യുതി ഉല്പാദനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) | വൈദ്യുതി ഉല്പാദനം 12/2018-ൽ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടുന്നത്. |

സെക്ഷൻ ഓഫീസർ